പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3055 **29-10-2026-ൽ മറുപടിയ്ക്ക്**

വൈദ്യുതി ലൈനുകൾ മാറ്റിസ്ഥാപിക്കുന്നത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കെ. സനോജ് ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് സമീപത്തുകൂടി അപകടകരമായ വിധത്തിൽ കടന്നുപോകുന്ന വൈദ്യുതി ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിന് വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

മറുപടി: സ്കൂളിലേക്കുള്ള വഴി, സ്കൂൾ പരിസരം, കോമ്പൗണ്ട് എന്നിവിടങ്ങളിലുള്ള വൈദ്യുത പോസ്റ്റ്, ഇലക്ട്രിക് ലൈൻ, സ്റ്റേവയർ, സുരക്ഷാ വേലികൾ ഇല്ലാതെയുള്ള ട്രാൻസ്ഫോർമറുകൾ മുതലായവ അപകടകരമാംവിധം കാണുകയാണെങ്കിൽ ആയത് ബന്ധപ്പെട്ട കെ.എസ്.ഇ.ബി അധികൃതരെ അറിയിച്ച് കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13/05/2025 ലെ ഡിജിഇ/9520/2025-കെ.ഐ.പി 1 നമ്പർ സർക്കുലർ പ്രകാരം എല്ലാ പ്രധാനാദ്ധ്യാപകർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇത്തരത്തിൽ വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് നൽകേണ്ട ഫീ എങ്ങനെയാണ് കണ്ടെത്തുന്നത്; ഇക്കാര്യത്തിൽ സർക്കാർ ചെലവ് വഹിക്കുന്നത് പരിഗണിക്കാമോ;

മറുപടി: പ്രധാനാധ്യാപകർ ഇത്തരത്തിലുള്ള ചെലവുകൾ പി.റ്റി.എ. ഫണ്ടിൽ നിന്നാണ് നിലവിൽ കണ്ടെത്തി വരുന്നത്.

(സി) വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കാത്തതിനാൽ പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കാത്തതിനാൽ ചുവടെ പറയുന്ന സ്കൂളുകൾക്ക് ഫിറ്റ്നസ് ലഭിച്ചിട്ടില്ല.

1. എം.ജി.എച്ച്.എസ്.എസ്. ഇടത്തറ (കൊല്ലം ജില്ല)

2. ജി.എൽ.പി.എസ്. കാരപ്പറമ്പ് (കോഴിക്കോട് ജില്ല)

3 ജി.എച്ച്.എസ്.എസ്. ചിറ്റാരിപ്പറമ്പ് (കണ്ണൂർ ജില്ല)

സെക്ഷൻ ഓഫീസർ